(രൂപ കോടിയിൽ)

(സി)	1995-96	2947.29	രൂപ
	1996-97	3370.32	രൂപ
	1997-98	3716.28	രൂപ
	1998-99	4821.74	രൂപ
(ഡി)	1995-96	950.74	രൂപ
	1996-97	1083.71	രൂപ
	1997-98	1179.77	രൂപ
	1998-99	1511.52	രൂപ

36 (349) ഏകീകൃത വില്പന നികുതി

ശ്രീ. കെ.സി. വേണുഗോപാൽ :

ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത വില്പനനികുതി ഏർപ്പെടുത്തിയതിന്റെ ഫലമായി നികുതിയില്ലായിരുന്ന ഏതെല്ലാം സാധനങ്ങൾക്ക് നികുതിചുമത്താൻ തുടങ്ങി;

(ബി) എത്ര ശതമാനമാണ് ഇവയുടെ നികുതി;

(സി) ഏതെല്ലാം സാധനങ്ങൾക്ക് നേരത്തേ ഉണ്ടായിരുന്നതിനേക്കാൾ നികുതി കുറയ്ക്കുകയുണ്ടായി;

(ഡി) എത്ര ശതമാനം വീതമാണ് ഇവയുടെ നികുതി കുറഞ്ഞത്; ഏതെല്ലാം സാധനങ്ങൾക്ക് നികുതി വർദ്ധിപ്പിച്ചു;

(ഇ) എത്ര ശതമാനം വീതമാണ് ഇവയുടെ നികുതി വർദ്ധിപ്പിച്ചത്?

ഉത്തരം

(എ)&(ബി) വില്പനനികുതി നിയമത്തിന്റെ 3-ാം പട്ടികയിൽപ്പെടുത്തിയിരുന്ന കരിങ്കല്ലിനെ 1-ാം പട്ടികയിലേക്കു മാറ്റിയതിന്റെ ഭാഗമായി അണ്‍ക്ലാസിഫൈസ് ഇനത്തിൽ 8 ശതമാനം നികുതിയ്ക്കു വിധേയമായിട്ടുണ്ട്.

(സി)-(ഇ) വിശദവിവരം അനുബന്ധമായി വച്ചിട്ടുണ്ട്.†

37 (350) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യപണമിടപാട് സ്ഥാപനങ്ങളിൽ ജനങ്ങൾ പണയം വയ്ക്കുന്ന സ്വർണ്ണാഭരണങ്ങൾ നിശ്ചിതകാലത്തിനുശേഷം ലേലം ചെയ്യുന്നതായി ഉപഭോക്താക്കളെ രജിസ്റ്റേഡ് കത്തിലൂടെ അറിയിക്കുകയും ലേല നടപടികൾ സ്വീകരിക്കാതെ ലേലം നടത്തിയെന്ന്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് പണയ ഉരുപ്പടികൾ സ്വന്തമാക്കുകയും ചെയ്തുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള മണിലെൻഡേഴ്സ് ആക്ടനുസരിച്ചോ മറ്റേതെങ്കിലും നിയമമനുസരിച്ചോ സ്വർണ്ണ പണയത്തിന്മേൽ പണം കടം കൊണ്ടയാളിനെ മണിലെൻഡർ രജിസ്റ്റേഡ് കത്തിലൂടെ പണയ ഉരുപ്പടി തിരിച്ചെടുക്കണമെന്നും അല്ലാത്തപക്ഷം ലേലം ചെയ്യുമെന്നും അറിയിക്കേണ്ടതുണ്ടോ; എങ്കിൽ പ്രസ്തുത അറിയിപ്പിനുശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചതിനുശേഷമായിരിക്കണം ലേലം നടത്തേണ്ടത്;

(സി) പണയ ഉരുപ്പടികൾ ലേലം ചെയ്തശേഷം കടംകൊണ്ട തുകയും അതിന്മേലുള്ള പലിശയും ഈടാക്കിയശേഷം അധികം വരുന്ന തുക മണിലെൻഡർ ഉരുപ്പടി പണയം വച്ചയാൾക്ക് തിരിച്ച് നൽകേണ്ടതുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്. പണയം വച്ച ഉരുപ്പടികൾ ഒരു വർഷത്തിനകം തിരിച്ചെടുക്കേണ്ടതാണ്. അല്ലാത്തപക്ഷം ഏഴുദിവസത്തെ ഇളവുനാൾ അനുവദിച്ചശേഷം പണയപണ്ടങ്ങൾ ലേലത്തിൽ വിൽക്കാവുന്നതാണ്. മണിലെൻഡേഴ്സ് റൂൾ 16 പ്രകാരം പണയം വച്ചയാളെ രജിസ്റ്റേഡ് കത്ത് മുഖേന വിവരം അറിയിക്കേണ്ടതും ലേലവിവരം, ലേലതീയതി, സ്ഥലം മുതലായവ രണ്ടാഴ്ച മുൻപ് പ്രമുഖ ദിനപത്രത്തിൽ പരസ്യപ്പെടുത്തേണ്ടതും ആണ്.

(സി) മണിലെൻഡേഴ്സ് നിയമം വകുപ്പ് 9 എഫ്(4) പ്രകാരം പണയപണ്ടം ലേലം ചെയ്തു വിൽക്കുമ്പോൾ കിട്ടുന്ന തുക മണിലെൻഡർ കടം നൽകിയ തുകയും പലിശയും മറ്റു ചെലവുകളും ചേർന്ന തുകയേക്കാൾ കൂടുതലാണെങ്കിൽ അധികം കിട്ടിയ തുക പണയം വച്ചയാളിന് തിരിച്ച് നൽകേണ്ടതാണ്.

38 (351) പെൻഷൻ ഇനത്തിൽ ചെലവാകുന്ന തുക

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റ് തുകയുടെ എത്ര ശതമാനം സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷനറി ബെനിഫിറ്റുകൾ നൽകാൻ ചെലവാകുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) വരുന്ന മൂന്നു കൊല്ലക്കാലത്ത് ഈ ഇനത്തിൽ ഏകദേശം എന്തു തുക ചെലവ് വരുമെന്ന് അറിയിക്കുമോ;

(സി) പെൻഷൻ പ്രായം 55 ൽ നിന്നും 58 ആയി ഉയർത്തിയാൽ ഈ ഇനത്തിൽ എന്തു തുക മൂന്ന് കൊല്ലക്കാലത്തേയ്ക്ക് സമാഹരിക്കുവാൻ ആകുമെന്ന് വ്യക്തമാക്കുമോ;

(ഡി) കേരളത്തിലെ ജനങ്ങളുടെ ശരാശരി ആയുർദൈർഘ്യം വർദ്ധിച്ചിട്ടുള്ളതിനാൽ മുൻകാലങ്ങളെ അപേക്ഷിച്ച് പെൻഷൻകാർ ഏറെക്കാലം ജീവിച്ചിരിക്കുകയും അത് വഴി സംസ്ഥാന സർക്കാരിന് ദീർഘകാലത്തേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly